LIBRARY ARCHIVES Kerala Legislative Assembly

**ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നത് സംബന്ധിച്ച്**

4 [3257] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്ക്കരിക്കുന്നതിനുവേണ്ടി നിയമിച്ചിട്ടുള്ള കമ്മീഷൻ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നതുമായി ബന്ധപ്പെട്ട് ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടുണ്ടോ;

(ബി) കമ്മീഷൻ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ അത് എപ്രകാരമാണെന്നും ഏത് നിരക്കിലാണെന്നും എന്ന് മുതലാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ഉണ്ട്. 5-8-2005-ൽ ഇത് ലഭിക്കുകയുണ്ടായി.

(ബി) ഇപ്പോൾ ഇല്ല.

(സി) ഇടക്കാലാശ്വാസം നൽകുന്ന കാര്യം മന്ത്രിസഭ തീരുമാനിക്കും.

(ഡി) ഇക്കാര്യത്തിൽ വിശദമായ തീരുമാനം സർക്കാർ ഇതുവരെയും എടുത്തിട്ടില്ല.

**2001-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ തിരിച്ചടയ്ക്കാനുണ്ടായിരുന്ന വായ്പാ കുടിശ്ശിക**

5 [3258] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന സർക്കാർ വിവിധ ഏജൻസികളിൽ നിന്നും വായ്പ വാങ്ങിയ ഇനത്തിൽ എത്ര രൂപ തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്നു എന്ന് ഇനം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ കരാറുകാർ ഉൾപ്പെടെയുള്ളവർക്ക് എത്ര രൂപ നൽകാൻ ബാക്കിയുണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) 2001-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന സർക്കാർ വിവിധ ഏജൻസികളിൽനിന്നും വായ്പ വാങ്ങിയ ഇനത്തിൽ തിരിച്ചടയ്ക്കാനുണ്ടായിരുന്നത് താഴെ കാണുംപ്രകാരമാണ്.

*(രൂപ കോടിയിൽ)*

| *ഇനം/ഏജൻസി* | *വായ്പാ കുടിശ്ശിക* |
|---|---|
| മാർക്കറ്റ് ലോൺ | 4500.27 |
| എൽ.ഐ.സി. | 884.83 |
| ജി.ഐ.സി. | 172.30 |
| നബാർഡ് | 247.16 |
| എൻ.സി.ഡി.സി. | 224.48 |
| കേന്ദ്ര സർക്കാർ | 6101.88 |

(ബി) സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ കരാറുകാർ ഉൾപ്പെടെയുള്ളവർക്ക് 3477 കോടി രൂപ നൽകാൻ ബാക്കിയുണ്ടായിരുന്നു.

**ഭരണ നവീകരണ പദ്ധതികൾക്ക് രൂപം നൽകുന്നതിനുള്ള മാനദണ്ഡം**

6 [3259] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പദ്ധതിക്കായി ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനങ്ങളിലാണ് ആ തുക ചെലവഴിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വകുപ്പുകളാണ് ഭരണ നവീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഓരോ ഇനങ്ങളിലും നടപ്പിലാക്കേണ്ട പദ്ധതികൾ ആരാണ് തീരുമാനിക്കുന്നത്; ആ തീരുമാനങ്ങൾക്കായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്ത്;

(സി) ഓരോ വകുപ്പിലും പദ്ധതികൾക്ക് രൂപം നൽകുമ്പോഴും മാനദണ്ഡങ്ങൾ ആവിഷ്കരിക്കുമ്പോഴും ധനകാര്യ വകുപ്പിന്റെ നിയന്ത്രണം ഉണ്ടാകുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly